"ഭരണഭാഷ – മാതൃഭാഷ"

നം:എൻ 2/5538/2021/ഡി.ജി.ഇ (3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 29/10/2021

## സർക്കുലർ

വിഷയം :– പൊതുവിദ്യാഭ്യാസം – കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾ –നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പണം/ സൂക്ഷ്മ പരിശോധന – നിർദ്ദേശങ്ങൾ – നൽകുന്നത് സംബന്ധിച്ച്.

സൂചന :–
1. ഈ ഓഫീസിലെ ഡി.ജി.ഇ/5538/2021/എൻ 2 നമ്പർ സർക്കുലർ തീയതി 30/09/2021 ,
2. ഈ ഓഫീസിലെ ഡി.ജി.ഇ/5538(1)/2021/എൻ 2 നമ്പർ സർക്കുലർ തീയതി 07/09/2021
3. ഈ ഓഫീസിലെ ഡി.ജി.ഇ/7135/2021/എൻ 2 നമ്പർ സർക്കുലർ തീയതി 20/09/2021
4. ഈ ഓഫീസിലെ ഡി.ജി.ഇ/5538/2021/എൻ 2(2)ഡി.ജി.ഇ നമ്പർ സർക്കുലർ തീയതി 30/09/2021
5. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ നിർദേശങ്ങൾ

********************

2021–22 അദ്ധ്യയന വർഷത്തെ ന്യൂനപക്ഷ പ്രീ –മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള സൂചനകൾ പ്രകാരമുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷകൾ (ഫ്രഷ്/റിന്യൂവൽ) 2021 നവംബർ 15 ന് മുമ്പ് സമർപ്പിക്കുന്നതിന് സൂചനകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു. ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനായുള്ള അവസാന തീയതി നിലവിൽ ദീർഘിപ്പിച്ച് നൽകിയിട്ടില്ല. ആയതിനാൽ 2021 നവംബർ 15 ന് മുമ്പ് കുട്ടികൾ ന്യൂനപക്ഷ പ്രീ –മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷകൾ (ഫ്രഷ്/റിന്യൂവൽ) സമർപ്പിക്കുന്നതിന് എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകൾ എന്നിവിടങ്ങളിലെ പ്രധാനാധ്യാപകരും/നോഡൽ ഓഫീസർമാരും ശ്രദ്ധിക്കേണ്ടതാണ്.

### നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴിയുള്ള ഓൺലൈൻ അപേക്ഷ സമർപ്പണം/ സൂക്ഷ്മ പരിശോധന എന്നിവ സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ

1. പ്രധാനാധ്യാപകർ ന്യൂനപക്ഷ പ്രീ –മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള സൂചനകൾ പ്രകാരമുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്കുള്ള ഓൺലൈൻ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിലേക്ക് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സ്കൂൾ രജിസ്ട്രേഷൻ നടത്തേണ്ടതും, സ്കൂൾ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യുന്നവർ സ്കൂളിന്റെ രജിസ്ട്രേഷൻ /അഫിലിയേഷൻ സർട്ടിഫിക്കറ്റ് (Pdf format) അപ്ലോഡ് ചെയ്താൽ മാത്രമേ തുടർന്നുള്ള ലിങ്കുകൾ (eg: add update details, verification) ലഭിക്കുകയുള്ളൂ. (സ്കൂൾ

രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സർക്കുലർ www.education.kerala.gov.in എന്ന വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്).**നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്കൂളുകൾ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല.**

2. **<u>2021-22 വർഷം നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി . 15/11/2021-ഉം, പ്രധാനാധ്യാപകർ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ട അവസാന തീയതി. 15/12/2021 ഉം ആണ്.</u>**

3. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ കോഴ്സ്/ക്ലാസ്/ഫീസ് തുടങ്ങിയ വിവരങ്ങൾ അപ്ഡേഷൻ നടത്തുന്നതിന് സ്കൂൾ പ്രൊഫൈലിലെ add update detail എന്ന ലിങ്ക് ഉപയോഗിച്ച് അപ്ഡേറ്റ് ചെയ്ത് ആവശ്യമായ വിവരങ്ങൾ കൂട്ടിച്ചേർക്കുകയോ, ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്.

4. എല്ലാ സ്കൂളുകളും <u>Administration -ലെ - Add update details എന്ന ലിങ്ക് വഴി Add and update course level, Add and update course, Add course fee, Update course fee</u> എന്നീ ലിങ്കുകൾ ക്ലിക്ക് ചെയ്ത് ശരിയായ വിവരങ്ങൾ നൽകേണ്ടതാണ്.

5. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷകൾ ഓൺലൈൻ ആയി സൂക്ഷ്മ പരിശോധന നടത്തുമ്പോൾ ഓരോ അപേക്ഷയും പ്രധാനാധ്യാപകൻ കൃത്യമായി പരിശോധിച്ച് ആയതിന്റെ ആധികാരികത/കൃത്യത ഉറപ്പുവരുത്തിയ ശേഷം മാത്രം വെരിഫിക്കേഷൻ നടത്തേണ്ടതാണ്.

6. പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുള്ള കുട്ടികൾ അതത് സ്കൂളുകളിലെ റഗുലർ വിദ്യാർത്ഥികളാണെന്ന് സ്കൂൾ അധികൃതർ ഉറപ്പാക്കേണ്ടതും അപേക്ഷകരിൽ നിന്നും ചുവടെ ചേർക്കുന്ന രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

I) വരുമാന സർട്ടിഫിക്കറ്റ്.

II) കമ്മ്യൂണിറ്റി/ജനന തീയതി/മേൽ വിലാസം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.

III) മുൻ വർഷത്തെ വാർഷിക പരീക്ഷയുടെ മാർക്ക് ലിസ്റ്റ്.

7. മൈനോരിറ്റി പ്രീ-മെട്രിക് സ്കോളർഷിപ്പ്, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്നിവക്ക് അപേക്ഷിച്ചിട്ടുള്ള കുട്ടികൾ പഠിക്കുന്ന സ്കൂൾ /സ്ഥാപനങ്ങളുടെ ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് മാത്രമെ ഹോസ്റ്റൽ ഫീസ് സ്കോളർഷിപ്പ് തുകയോടൊപ്പം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

8. മുൻ വർഷത്തെ സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ പട്ടിക നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ നിന്നും Institute Login – ചെയ്ത് (Reports- എന്ന മെനുവിൽ

നിന്ന്) പരിശോധിക്കാൻ സാധിക്കുന്നതാണ്. ബനിഫിഷ്യറി പട്ടികയിലെ അർഹരായ എല്ലാ കുട്ടികളും 2021-22 വർഷത്തെ സ്കോളർഷിപ്പിന് അപേക്ഷ പുതുക്കി നൽകിയിട്ടുണ്ടെന്ന് പ്രധാനാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

9. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് കുട്ടികൾ സമർപ്പിച്ച അപേക്ഷകളിൽ , അപാകതകൾ/പോരായ്മകൾ കണ്ടെത്തുന്ന അപേക്ഷകൾ, ഡിഫക്ട് (defect) ആയി രേഖപ്പെടുത്തിയ ശേഷം കുട്ടികൾക്ക് തെറ്റുതിരുത്തി പുനഃസമർപ്പിക്കാവുന്നതും, (Re-submit), പ്രധാനാധ്യാപകർ (15/12/2021 ന് മുൻപ് ) ആയത് റീ-വെരിഫിക്കേഷൻ ലിങ്ക് വഴി വീണ്ടും ടി അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ടതുമാണ്. സ്കൂൾ തലത്തിൽ ഡിഫക്റ്റ് ചെയ്ത അപേക്ഷകളുടെ ന്യൂനതകൾ പരിഹരിച്ച് പുനഃസമർപ്പിക്കുന്നതിന് അപേക്ഷകരായ കുട്ടികൾക്ക് നേരിട്ട് നിർദ്ദേശം നൽകുന്നത് ഉചിതമായിരിക്കും.

10. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷകകളിൽ സ്കൂൾ മാറി സമർപ്പിക്കുന്ന (ഫ്രഷ്/റിന്യൂവൽ) അപേക്ഷകൾ ഡിഫക്ട് (Defect) ആയി രേഖപ്പെടുത്തി നൽകുക. ഇപ്രകാരം സ്കൂൾ മാറി സമർപ്പിക്കുന്ന (ഫ്രഷ്/റിന്യൂവൽ) അപേക്ഷകരെ ഡിഫക്ട് (Defect) രേഖപ്പെടുത്തിയ ശേഷം നേരിട്ട് വിവരം അറിയിക്കാൻ കഴിയുമെങ്കിൽ ആയത് ഉചിതമായിരിക്കും.

11. കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകളായ ന്യൂനപക്ഷ വിഭാഗം കുട്ടികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ്, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്നിവയ്ക്ക് അർഹത നേടിയ ശേഷം സ്കൂൾ മാറുന്ന കുട്ടികൾക്ക് റിന്യൂവൽ അപേക്ഷ നൽകുന്നതിന് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ അവസരം ഉണ്ടായിരിക്കുന്നതല്ല. ഇപ്രകാരമുള്ള കുട്ടികൾ മുൻ വർഷത്തെ അപേക്ഷ ഓൺലൈനായി പിൻവലിച്ച ശേഷം പുതിയ സ്കൂളിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയ പുതിയ (ഫ്രഷ്) അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുക . എന്നാൽ നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പിന് യോഗ്യത നേടിയവരിൽ റിന്യൂവൽ കുട്ടികൾക്ക് സ്കൂൾ മാറ്റി നൽകുന്നതിനുള്ള സൗകര്യം (Change Institute) നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ റിന്യൂവൽ ലോഗിനിൽ ലഭ്യമാണ്.

12. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് കുട്ടികൾ സമർപ്പിച്ച അപേക്ഷകളിൽ പ്രധാനാധ്യാപകർ സ്കൂൾ തലത്തിൽ വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതും,യാതൊരു കാരണവശാലും നടപടി സ്വീകരിക്കാതെ അപേക്ഷകൾ അവശേഷിപ്പിക്കുവാൻ പാടില്ലാത്തതുമാണ്.

13. നിലവിലുള്ള User ID/Password ഉപയോഗിച്ച് Institute ലോഗിൻ ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ (ജില്ല നോഡൽ

ഓഫീസറുടെ) കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.

14. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് കുട്ടികൾ സമർപ്പിച്ച അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയിൽ , ഏതെങ്കിലും അപേക്ഷ വ്യാജമായി സമർപ്പിച്ചിട്ടുള്ളതാണെന്ന് പ്രധാനാധ്യാപകന് രേഖകളുടെ അടിസ്ഥാനത്തിൽ വ്യക്തമായി ബോധ്യപ്പെട്ടാൽ, അപ്രകാരമുള്ള അപേക്ഷകൾ (Reject) നിരസിക്കാവുന്നതാണ്. വ്യാജമായ (തെറ്റായ) അപേക്ഷകൾ ഒരു കാരണവശാലും സ്കൂളുകളിൽ നിന്നും സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കുവാൻ പാടുള്ളതല്ല. എന്നാൽ അപേക്ഷകൾ നിരസിച്ചാൽ പുനഃസമർപ്പിക്കാൻ കഴിയാത്തതിനാൽ ഈ വിഷയം ശ്രദ്ധാപൂർവം കൈകാര്യം ചെയ്യേണ്ടതുമാണ്.

15. ഏതെങ്കിലും സ്കൂളുകൾ വ്യാജ അപേക്ഷകൾ സമർപ്പിക്കുന്നതിന് പ്രേരിപ്പിക്കുകയോ, സഹായിക്കുകയോ, സാഹചര്യം സൃഷ്ടിക്കുകയോ ചെയ്തിട്ടുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത സ്കൂളിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും, പ്രധാനാധ്യാപകനെതിരെ നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതും ആയിരിക്കും.

16. എൻ.എസ്.പിയിലെ സ്കൂൾ ലോഗിൻ ഐഡിയും പാസ്‌വേർഡും കൈമാറുന്നത് വ്യാജ അപേക്ഷകൾ രജിസ്റ്റർ ചെയ്യാൻ സഹായകമാകും. ആയതിനാൽ എൻ.എസ്.പി നൽകുന്ന ഐഡി/പാസ്‌വേർഡ് മറ്റാർക്കും കൈമാറി നൽകാതിരിക്കുക.

17. സ്കൂൾ ലോഗിനിൽ ഏതെങ്കിലും തരത്തിലുള്ള നിയമവിധേയമല്ലാത്ത പ്രവർത്തികൾ/ഉൾപ്പെടുത്തലുകൾ ശ്രദ്ധയിൽപ്പെട്ടാൽ സ്കൂൾ അധികൃതർ നിയമ നടപടി സ്വീകരിക്കേണ്ടതും വിവരം ജില്ലാ നോഡൽ ഓഫീസറെ അറിയിക്കേണ്ടതുമാണ്.

18. ഹൈസ്കൂൾ , ഹയർ സെക്കന്ററി സ്കൂളുകൾക്ക് പൊതുവായി ഒരു യു-ഡൈസ് കോഡ് (U dise Code) ഉപയോഗിച്ച് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ലോഗിൻ ഐ.ഡി. തയ്യാറാക്കിയിട്ടുള്ള സ്കൂളുകളുടെ മേധാവികൾ , അതത് വിഭാഗങ്ങളിലെ കുട്ടികളുടെ വിവിധ സ്കോളർഷിപ്പുകൾക്കുള്ള ഓൺലൈൻ അപേക്ഷകൾ വെരിഫൈ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

19. നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പിന് അർഹരായവരിൽ , ഇപ്പോൾ X, XI, XII ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ റിന്യൂവൽ അപേക്ഷകൾ സമർപ്പിക്കുമ്പോൾ, ടി കുട്ടികൾ സ്കൂൾ മാറിവരുകയാണെങ്കിൽ , നിലവിൽ അഡ്മിഷൻ നേടിയിട്ടുള്ള സ്കൂളുകളിലെ മേധാവികൾ നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്ക് വിധേയമായി ടി ഓൺ ലൈൻ (NSP) അപേക്ഷകൾ സൂക്ഷ്മ പരിശോധന (Verify) നടത്തേണ്ടതാണ്. ആവശ്യമെങ്കിൽ ടി കുട്ടികൾ മുമ്പ് പഠിച്ചിരുന്ന സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് ആയതിന്റെ ആധികാരികത ഉറപ്പ് വരുത്തേണ്ടതാണ്.

20. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി കുട്ടികൾ സമർപ്പിക്കുന്ന മേൽ പറഞ്ഞ സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷകളിൽ സ്കൂൾ തലത്തിലുള്ള വെരിഫിക്കേഷൻ

നടപടികൾ പൂർത്തിയാക്കാത്തതിനാൽ കുട്ടികൾക്ക് സ്കോളർഷിപ്പ് നഷ്ടപ്പെടാൻ ഇടവരുന്ന സാഹചര്യത്തിൽ , ആയത് പ്രധാനാധ്യാപകരുടെ ബാധ്യതയായി കണക്കാക്കേണ്ടി വരുമെന്നതിനാൽ സ്കൂൾ ലോഗിനിൽ ലഭ്യമാകുന്ന എല്ലാ അപേക്ഷകളിലും യഥാവിധി യഥാസമയം നടപടി സ്വീകരിക്കുവാൻ പ്രധാനാധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

21. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ നിന്നും ലഭിക്കുന്ന സ്കൂൾ മേധാവി സാക്ഷ്യപ്പെടുത്തിയ ടി സ്കോളർഷിപ്പിനുള്ള അപേക്ഷകരുടെ പട്ടിക ജില്ലാ നോഡൽ ഓഫീസർക്ക് സ്കൂൾ വെരിഫിക്കേഷൻ പൂർത്തിയായാലുടൻ ഇ-മെയിൽ/തപാൽ മുഖാന്തരം സമർപ്പിക്കേണ്ടതാണ്. ടി പട്ടിക ജില്ലാ നോഡൽ ഓഫീസർ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതാണ്. അതോടൊപ്പം ടി വിഷയവുമായി ബന്ധപ്പെട്ട മേൽ പറഞ്ഞ രേഖകളുടെ ഹാർഡ് കോപ്പി സാമ്പത്തിക വർഷം തിരിച്ച് കുറഞ്ഞത് 5 വർഷക്കാലയളവിലേക്ക് (ഫ്രഷ്/റിന്യൂവൽ അപേക്ഷകൾ തരംതിരിച്ച്) സ്കൂൾ അധികൃതർ സൂക്ഷിക്കേണ്ടതും ആയത് വിദ്യാഭ്യാസ ഓഫീസർമാർ ആവശ്യപ്പെടുന്ന പക്ഷം പരിശോധനക്ക് വിധേയമാക്കേണ്ടതുമാണ്.

22. പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പിന് യോഗ്യരായവരുടെ പട്ടിക നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ലഭ്യമായിക്കഴിഞ്ഞാൽ, ടി പട്ടിക സ്കൂൾ മാനേജിംഗ് കമ്മിറ്റിയുടെ (എസ്.എം.സി) പരിഗണനക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്.

23. എല്ലാ ജില്ലാ നോഡൽ ഓഫീസർമാരും (വിദ്യാഭ്യാസ ഉപഡയറക്ടർമാരും) അവർക്ക് ലഭിച്ചിട്ടുള്ള User ID/Password ഉപയോഗിച്ച്, സ്കൂളുകൾക്ക് ആവശ്യമായി വരുന്ന പക്ഷം അവരുടെ പാസ്‌വേർഡ് റീസെറ്റ് ചെയ്തു നൽകേണ്ടതാണ്.

24. കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് എല്ലാ ജില്ലാ നോഡൽ ഓഫീസർമാരും ചുവടെ ചേർക്കും പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. അപേക്ഷകരിൽ മുൻവർഷത്തേക്കാൾ അസാധാരണമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, ആയതിലേക്ക് 2020-21 വർഷം മുതൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ സ്കൂൾ ലോഗിനിൽ ലഭ്യമാക്കുന്നതുമാണ്.

a. മുൻ വർഷം സ്കൂൾ തല വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുള്ള അപേക്ഷകരുടെ എണ്ണം

b. നടപ്പ് വർഷം സ്കൂൾ തല വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുള്ള അപേക്ഷകരുടെ എണ്ണം

25. എല്ലാ ജില്ല നോഡൽ ഓഫീസർമാരും (വിദ്യാഭ്യാസ ഉപഡയറക്ടർമാരും) ന്യൂനപക്ഷ പ്രീ -മെട്രിക് സ്കോളർഷിപ്പ്, 9,10 ക്ലാസുകളിലെ ഭിന്ന ശേഷിക്കാരായ

കുട്ടികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്, എൻ.എം.എം.സ്കോളർഷിപ്പ് എന്നിവ സംബന്ധിച്ച എല്ലാവിധ ജോലികളും, സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് കർശനമായ നിർദ്ദേശങ്ങൾ നൽകേണ്ടതും, എല്ലാ ജോലികളും തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി ആ വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.

26. 2020-21 വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ലെവൽ നോഡൽ ഓഫീസർമാരായി രജിസ്റ്റർ ചെയ്തിട്ടുള്ളവർ, അതത് സ്കൂളുകളിലെ/സ്ഥാപനങ്ങളിലെ സ്ഥിരം /റഗുലർ ജീവനക്കാരാണെന്ന് ജില്ലാ നോഡൽ ഓഫീസർമാർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതും, ആയതിൽ ഏതെങ്കിലും തരത്തിലുള്ള അസ്വാഭാവികതകൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ ടി വിവരം ഉടൻ തന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.

27. മേൽപറഞ്ഞ വിഷയങ്ങളിൽ സ്റ്റേറ്റ് നോഡൽ ഓഫീസർ /ജില്ലാ നോഡൽ ഓഫീസർ എന്നിവരുടെ ആകസ്മിക പരിശോധനകൾ ഉണ്ടായിരിക്കുന്നതാണ് . ആയതിലേക്ക് എല്ലാ സ്കൂൾ അധികൃതരും മേൽപറഞ്ഞ പ്രകാരമുള്ള രേഖകൾ ഉൾപ്പെടെ സ്കോളർഷിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ പരിശോധനകൾക്ക് ഉതകും വിധം ക്രമീകരിക്കേണ്ടതാണ്.

28. ജില്ലാ നോഡൽ ഓഫീസർമാർ അതത് ജില്ലകളിലെ പ്രീ-മെട്രിക് (മൈനോരിറ്റി) സ്കോളർഷിപ്പിന് അപേക്ഷിച്ച കുട്ടികളുടെ ആകെ എണ്ണത്തിന്റെ കുറഞ്ഞത് 2% അപേക്ഷകൾ മേൽ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. ഇതിലേക്ക് ആവശ്യമെങ്കിൽ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിൽ, എൽ.പി./യു.പി വിഭാഗം സ്കൂളുകളിലെ പരിശോധനക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയും , ഹൈസ്കൂളുകളിലെ പരിശോധനക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയും ചുമതലപ്പെടുത്താവുന്നതാണ്.

Signature Not Verified
Digitally signed by SHINEMON M K
Date: 2021.10.29 17:50:35 IST
Reason: Approved

ഷൈൻ മോൻ.എം.കെ
പെൻ നം.425084
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ അക്കാഡമിക്) &
സ്റ്റേറ്റ് നോഡൽ ഓഫീസർ (സ്കോളർഷിപ്പ്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :-

1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE
   (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

5. എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള സ്കൂളുകളിലെ പ്രഥമാധ്യാപകർക്കും